**No: 251/2024**

**സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

1825 മുതൽ 1855 വരെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന് പ. സഭയ്ക്ക് ധീരമായ നേതൃത്വം നൽകിയ ഭാഗ്യസ്മരണാർഹനായ ചേപ്പാട്ട് ഫീലിപ്പോസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ 169-ാം ഓർമ്മ പെരുന്നാൾ 2024 ഒക്ടോബർ മാസം 11, 12 (വെള്ളി, ശനി) തീയതികളിലായി ആ പുണ്യപിതാവ് അന്ത്യ വിശ്രമം കൊള്ളുന്ന തീർത്ഥാടന കേന്ദ്രമായ ചേപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ ആചരിക്കുകയാണ്. ആ പുണ്യപിതാവിന്റെ മെത്രാഭിഷേകത്തിന്റെ ദ്വിശതാബ്ദി വർഷം കൂടിയാണ് ഇത്. ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾ ഇടവകയുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തുവരുന്നു. നവീകരണ പഠിപ്പിക്കലുകൾ സഭയിൽ നടപ്പാക്കാൻ വിദേശമിഷനറിമാർ നടത്തിയ നീക്കത്തെ ശക്തമായി നേരിടാൻ 1836-ൽ മാവേലിക്കര പുതിയകാവ് പള്ളിയിൽ അദ്ദേഹം വിളിച്ചുചേർത്ത പള്ളി പ്രതിപുരുഷ യോഗം ചരിത്രപ്രസിദ്ധമാണ്. ഈ ശ്രേഷ്ഠപിതാവിന്റെ നാമത്തിൽ നടത്തപ്പെടുന്ന ഈ വർഷത്തെ പെരുന്നാൾ അനുഗ്രഹകരമായി പൂർത്തീകരിക്കുവാൻ തക്കവണ്ണം ഏവരുടെയും പ്രാർത്ഥനയും സഹകരണവും ഉണ്ടാകണമെന്ന് നാം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 സെപ്റ്റംബർ മാസം 24-ാം തീയതി
സൗത്ത് വെസ്റ്റ് അമേരിക്ക ഭദ്രാസനത്തിന്റെ
ഹൂസ്റ്റൺ അരമനയിൽ നിന്നും